
# ഹോളിക്രോസ് ഹയർ സെക്കൻ്ററി സ്കൂൾ, മാപ്രാണം

## സമഗ്ര വിദ്യാലയ വികസന പദ്ധതി




2025-26 അധ്യയനവർഷം വിദ്യാലയത്തിൽ നടപ്പിൽ

വരുത്താനുദ്ദേശിക്കുന്ന സമഗ്ര വിദ്യാലയ വികസന പദ്ധതികളുടെ

രൂപരേഖ

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയചരിത്രം

4. നേട്ടങ്ങൾ

5. പദ്ധതിരൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

6.നിലവിലെ അവസ്ഥ – ഒരു വിശകലനം

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

8. പദ്ധതി വിശദാംശങ്ങൾ

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിറ്ററിങ്

**11. ഉപസംഹാരം**

**ആമുഖം**

ഇരിങ്ങാലക്കുട വിദ്യാഭ്യാസജില്ലയിലെ മാപ്രാണം ദേശത്ത് മാപ്രാണം ഹോളിക്രോസ് തീർത്ഥകേന്ദ്രത്തിന്റെ മാനേജ്മെന്റിനുകീഴിൽ 1984 മുതൽ പ്രവർത്തിച്ചുവരുന്ന വിദ്യാലയമാണ് മാപ്രാണം ഹോളിക്രോസ് ഹയർ സെക്കന്ററി സ്കൂൾ. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ മാടായിക്കോണം വില്ലേജിലുൾപ്പെടുന്ന ഗ്രാമീണ മേഖലകളിൽനിന്നുമുള്ള വിദ്യാർത്ഥികളാണ് ഇവിടത്തെ വിദ്യാർത്ഥികൾ. എട്ടുമുതൽ പത്ത് വരെ ക്ലാസ്സുകളിൽ 8 ഡിവിഷനുകളിലായി മുന്നൂറിലധികം വിദ്യാർത്ഥികൾ പഠിച്ചുവരുന്നു. ഈ വിദ്യാലയത്തിലേക്ക് സമീപവിദ്യാലയങ്ങളായ മാടായിക്കോണം യു.പി. സ്കൂൾ, ലിസ്യൂ കോൺവെന്റ് യു.പി. സ്കൂൾ, പൊറത്തിശ്ശേരി മഹാത്മാ യു.പി. സ്കൂൾ, കരുവന്നൂർ കോൺവെന്റ് സ്കൂൾ, കെ.എസ്.യു.പി.എസ് തൊട്ടിപ്പാൾ എന്നിവടങ്ങളിലെ ഏഴാം ക്ലാസ്സ് പാസ്സാകുന്ന വിദ്യാർത്ഥികളാണ് എത്തിച്ചേരുന്നത്. വർഷങ്ങളായി എസ്.എസ്.എൽ.സി പരീക്ഷയിൽ 100 ശതമാനം വിജയം നിലനിർത്തുന്ന ഈ വിദ്യാലയത്തിൽ കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പൊതുവിദ്യാഭ്യാസ വികസനപദ്ധതിക്കനുസരിച്ച് അക്കാദമിക് സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2025-26വർഷം വിദ്യാലയത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളുടെ മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും ഇതോടൊപ്പം സമർപ്പിക്കുന്നു.

**ലക്ഷ്യങ്ങൾ**

- 2026-ൽ വിദ്യാലയത്തെ മാതൃകാവിദ്യാഭ്യാസസ്ഥാപനമായി ഉയർത്തുക
- വിദ്യാഭ്യാസ-സാമ്പത്തിക പിന്നോക്കാവസ്ഥ നിലനിൽക്കുന്ന പ്രദേശത്തെ കുടുംബങ്ങളിലെ കുട്ടികളെ വിദ്യാഭ്യാസത്തിൽ ഉന്നതിയിലെത്തിക്കുക
- ഭൗതികസൗകര്യങ്ങളിൽ സമീപത്തുള്ള അൺ എയ്ഡഡ് വിദ്യാലയങ്ങളെക്കാൾ മികവിലെത്തുക
- എല്ലാ വിദ്യാർത്ഥികൾക്കും ഭാഷാ കമ്പ്യൂട്ടിങ്ങിൽ സമഗ്രപരിശീലനം നൽകുക
- എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആയി നവീകരിക്കുക
- ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കുക
- വിദ്യാർത്ഥികളിൽ ലഹരിവിമുഖമനോഭാവം വളർത്തിയെടുക്കുക
- മെച്ചപ്പെട്ടവായനാസംസ്കാരം രൂപപ്പെടുത്തുക
- ഗണിതശേഷി വർധിപ്പിക്കുക
- സാമൂഹിക ഇടപെടലിന്റെ ഭാഗമായി പകർച്ചവ്യാധികളുടെ ബോധവത്കരണം, സാമൂഹികശുചിത്വം എന്നിവ പ്രദേശത്ത് പ്രചരിപ്പിക്കുക
- കായികമേഖലയിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുക.
- വിദ്യാർത്ഥികളിൽ കാർഷിക അനുകൂല മനോഭാവം കൈവരുത്തുക

**വിദ്യാലയചരിത്രം**

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ മാടായിക്കോണം വില്ലേജിൽ മാപ്രാണം പ്രദേശത്ത് ഇരിങ്ങാലക്കുട ടൗണിൽ നിന്ന് 5 കി.മീ. വടക്ക് ഇരിങ്ങാലക്കുട തൃശ്ശൂർ റൂട്ടിൽ ഏകദേശം 1 കി.മീ. കിഴക്കോട്ട് മാറി മാപ്രാണം ഹോളിക്രോസ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നു.




1984 ഒക്ടോബർ മാസം **ഒന്നാം** തീയ്യതി 2 അധ്യാപകരും 28 വിദ്യാർത്ഥികളുമായാണ് മാപ്രാണം ഹോളിക്രോസ് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചത്. 1986-87 കാലഘട്ടത്തിൽ മാനേജരായിരുന്ന ഫാ. പോൾ താക്കോൽക്കാരൻ ഇടവകാംഗങ്ങളുടെ സഹകരണത്തോടുകൂടി ഈ സ്കൂളിനെ ഇരിങ്ങാലക്കുട രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷനൽ ഏജൻസിയുടെ കീഴിലുള്ള ഹൈസ്കൂളാക്കിമാറ്റി.

2015 വരെ 11 ഡിവിഷനുകളിലായി ഏകദേശം 500 ലധികം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിച്ചിരുന്നു. 2015-16 അധ്യയനവർഷം

മുതൽ ലിസ്യൂ കോൺവെന്റ് യു.പി.സ്കൂളിൽ അൺ എയ്ഡഡ് ഹൈസ്കൂൾ ആരംഭിച്ചതിന്റെ ഫലമായി ആ വിദ്യാലയത്തിൽനിന്നും ഏഴാം ക്ലാസ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾ അവിടെത്തന്നെ ഫീസ് നൽകി പഠനം തുടരുവാൻ നിർബന്ധിതമായതിന്റെ ഫലമായി ഞങ്ങളുടെ വിദ്യാലയത്തിൽ അഡ്മിഷൻ നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വൻ കുറവ് അനുഭവപ്പെടുകയും തത്ഫലമായി രണ്ടു ഡിവിഷനുകൾ നഷ്ടപ്പെട്ട് 9 ഡിവിഷനുകളായി പരിമിതപ്പെടുകയും ചെയ്തു.

ആരംഭഘട്ടത്തിൽ ഓലമേഞ്ഞതായിരുന്ന വിദ്യാലയം. ആദ്യത്തെ മാനേജർ റവ.ഫാ. പോൾ താക്കോൽക്കാരനും ഹെഡ്മാസ്റ്റർ എം.എ. വർക്കിമാസ്റ്ററും ആയിരുന്നു. വിദ്യാലയത്തിൽ കുട്ടികളുടെ വിവിധങ്ങളായ കഴിവുകൾക്ക് പ്രോത്സാഹനം നൽകുവാൻ നിരവധി എൻഡോവ്മെന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പാവപ്പെട്ട കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ ഇവിടെ നിന്നും നൽകിവരുന്നു.

2014-ൽ ഈ വിദ്യാലയത്തിൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിച്ചു. ഇന്ന് ഇവിടെ ഹൈസ്കൂൾ വിഭാഗത്തിൽ 9 ഡിവിഷനുകളിലായി 298 കുട്ടികളും ഹയർസെക്കന്ററി 4 ഡിവിഷനുകളിലായി 240 കുട്ടികളും പഠിക്കുന്നു. കലാ-കായിക-പ്രവൃത്തിപരിചയ രംഗങ്ങളിലും കമ്പ്യൂട്ടർ വിവരസാങ്കേതികവിദ്യ, ശുചിത്വം എന്നീ രംഗങ്ങളിലും ഈ വിദ്യാലയം പ്രത്യേക ഊന്നൽ നൽകിവരുന്നു.

1987-ലെ ആദ്യ എസ്എസ്എൽസി ബാച്ച് മുതൽ 100 ശതമാനം വിജയം ഈ വിദ്യാലയത്തിന് അവകാശപ്പെടുവാൻ കഴിയും. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഡോക്ടർമാർ, കോളേജധ്യാപകർ എന്നിങ്ങനെ ഉയർന്ന സേവനമേഖലകളിൽ പ്രവർത്തിക്കുന്ന ഒട്ടനവധി പൗരന്മാരെ വാർത്തെടുക്കുവാൻ

ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമീണമേഖലകളിലെ കുട്ടികളാണ് ഇവിടുത്തെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും. ആയതിനാൽ മുൻപറഞ്ഞ നേട്ടത്തിന് കൂടുതൽ ചാരുതയുണ്ട്. തൃശ്ശൂർ ജില്ലയിലെ ഏറ്റവും മികച്ച ഗ്രാമീണവിദ്യാലയം എന്ന ബഹുമതിയും 2006-ലെ മദർ തെരേസ അവാർഡും ഈ വിദ്യാലയം നേടിയിട്ടുണ്ട്. 2003-04 വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ ഏറ്റവും മികച്ച പി.ടി.എയ്ക്കുള്ള അവാർഡ് ഈ വിദ്യാലയം നേടുകയുണ്ടായി. 2004-05 വർഷത്തിലെ ഗ്രേഡിങ്ങ് സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ ഇരിങ്ങാലക്കുട കോർപ്പറേറ്റ് എഡ്യൂക്കേഷനൽ ഏജൻസി അവാർഡും ലഭിച്ചിട്ടുണ്ട്. മാനുഷികമൂല്യങ്ങളിൽ അടിയുറച്ച പൗരന്മാരെ വാർത്തെടുക്കുകയാണ് ഈ വിദ്യാലയത്തിൻറെ പരമപ്രധാനമായ ലക്ഷ്യം .

**ഞങ്ങളെ നയിച്ചവർ**

ഈ വിദ്യാലയത്തിന്റെ ആദ്യത്തെ മാനേജരായിരുന്ന റവ. ഫാ. പോൾ താക്കോൽക്കാരന്റെ മഹനീയ നേതൃത്വത്തിൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ ഈ വിദ്യാലയത്തിന്റെ പ്രധാനാധ്യാപകസ്ഥാനം വഹിച്ചവരും അവരുടെ കാലഘട്ടവും താഴെ രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീമതി മഞ്ജു ആണ് ഇപ്പോഴത്തെ പ്രധാനാധ്യാപിക

| | |
|---|---|
| M. A. VARKEY | (1984-89) |
| E. K. SOSANNAM | (1989-94) |
| P. C. VARGHESE | (1994-98) |
| N. T. ANTONY | (1998-99) |

| | |
|---|---|
| M. N. RAMACHANDRAN | (1999-2001) |
| K. D. DEVASSY | (2001-2002) |
| C. O. VARGHESE | (2002-2007) |
| K. F. VIANNI | (2007-2009) |
| C. J. MEREENA | (2009-2014) |
| V. A. ANNIE | (2014-2016) |
| M S BENJAMIN | (2016-2024) |
| JOHN JOSE | (2024-2025) |

**നേട്ടങ്ങൾ**

തൃശ്ശൂർ ജില്ലയിലെ ഏറ്റവും മികച്ച ഗ്രാമീണവിദ്യാലയത്തിനുള്ള ബഹുമതി

2006-ലെ മദർ തെരേസ അവാർഡ്

2003-04 വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ ഏറ്റവും മികച്ച പി.ടി.എയ്ക്കുള്ള അവാർഡ്

2004-05 വർഷത്തിലെ ഗ്രേഡിങ്ങ് സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ ഇരിങ്ങാലക്കുട കോർപ്പറേറ്റ് എഡ്യൂക്കേഷനൽ ഏജൻസി അവാർഡ്.

**വിദ്യാലയം മികവിന്റെ കേന്ദ്രം**

ഓരോ വിദ്യാലയവും സാമൂഹികപ്രതിബന്ധതയുള്ള തലമുറകളെ വാർത്തെടുക്കുന്നതിൽ ബദ്ധശ്രദ്ധ പുലർത്തേണ്ടതുണ്ട്. കാലാനുസൃതവും മികച്ചതുമായ വിദ്യാഭ്യാസം, വിവേചനരഹിതമായ അവസരങ്ങൾ, മതനിരപേക്ഷമായ ഒരു സമൂഹത്തിന്റെ നിർമ്മിതി, നിലനിൽക്കുന്ന അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും ദൂരീകരണം, മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ബോധവത്കരണം, സ്ത്രീസമത്വം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, വായനാസംസ്കാരം രൂപപ്പെടുത്തൽ, സാമൂഹികശുചിത്വബോധം, പകർച്ചവ്യാധികളെക്കുറിച്ചുള്ള മുൻകരുതൽ എന്നിവയെല്ലാം ഓരോ പൊതുവിദ്യാലയത്തിന്റെയും കർത്തവ്യമുൻഗണനകളായിരിക്കേണ്ടതുണ്ട്.

പൊതുവിദ്യാലയങ്ങളുടെ ശാക്തീകരണം മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കേണ്ടതിന് അത്യന്താപേക്ഷിതമായ സംഗതിയാണ്.

ആയതിനാൽ ഈ വർഷം മാപ്രാണം ഹോളിക്രോസ് ഹയർ സെക്കന്ററി സ്കൂൾ ലക്ഷ്യമിടുന്ന സമഗ്ര വികസന പദ്ധതികളിൽ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനാവശ്യമായ പ്രവർത്തനപദ്ധതികൾ ഉൾപ്പെടുത്തുകയും അവയുടെ നടത്തിപ്പിലേക്കാവശ്യമായ പദ്ധതി ആസൂത്രണം, സമയബന്ധിത പ്രവർത്തനക്രമം എന്നിവ നിശ്ചയിക്കുകയും ചെയ്തു.

പ്രധാനമായും മുകുന്ദപുരം താലൂക്കിലെ മാടായിക്കോണം വില്ലേജിലുൾപ്പെട്ടതായ മാടായിക്കോണം, തളിയക്കോണം, കുഴിക്കാട്ടുകോണം, പീച്ചാമ്പിള്ളിക്കോണം, മാപ്രാണം എന്നീ പ്രദേശങ്ങളിലെ കർഷകർ, കർഷകതൊഴിലാളികൾ, മരപ്പണിക്കാർ, മറ്റു ചെറുകിട ജോലികൾ ചെയ്യുന്നവർ, മൺപാത്രനിർമ്മാണതൊഴിലാളികൾ, എന്നീ തൊഴിൽമേഖലകളിൽനിന്നുള്ള വിദ്യാർത്ഥികളാണ് ഈ വിദ്യാലയത്തെ ആശ്രയിക്കുന്നത്. അതിൽത്തന്നെ പട്ടികവിഭാഗത്തിൽപ്പെടുന്നവരും മറ്റുപിന്നോക്ക വിഭാഗത്തിൽ പ്പെടുന്നവരുമാണധികം വിദ്യാർത്ഥികളും. അതുകൊണ്ടുതന്നെ ഈ വിദ്യാലയം വിദ്യാഭ്യാസമേഖലയിൽ വഹിക്കുന്ന പങ്ക് വളരെ വിലപിടിച്ചതാണ്. ഈ പ്രദേശങ്ങളുടെ വിദ്യാഭ്യാസപുരോഗതിക്കും അതിലൂടെ സാമ്പത്തികപുരോഗതിക്കും കാരണമായിട്ടുള്ളത് ഈ വിദ്യാലയമാണെന്ന് നിസ്സംശയം പറയാവുന്നതാണ്.

## പദ്ധതിരൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

എസ്.ആർ.ജിതലം

ബഹു. കേരള സർക്കാർ വിദ്യാഭ്യാസവകുപ്പ് സമഗ്ര ഗുണമേന്മാ വിദ്യാലയ വികസനപദ്ധതി പ്രഖ്യാപിച്ചതിനെത്തുടർന്ന് നൽകപ്പെട്ട ആസൂത്രണമാർഗ്ഗരേഖ എസ്.ആർ.ജി.യിൽ ചർച്ച ചെയ്യുകയും അടുത്ത ഒരു വർഷത്തെ വികസനം മുമ്പിൽക്കണ്ടുകൊണ്ട് ഒരു വികസന കാഴ്ചപ്പാട് രൂപീകരിക്കുകയും ചെയ്തു.

**പി.ടി.എ, എം.പി.ടി.എ**

മാസ്റ്റർ പ്ലാൻ പി.ടി.എ., എം.പി.ടി.എ യോഗങ്ങളിൽ അവതരിപ്പിക്കുകയും ചർച്ചകളും അഭിപ്രായരൂപീകരണങ്ങളും വഴി വികസിപ്പിക്കുകയും പദ്ധതികളുടെ മുൻഗണനാക്രമം തീരുമാനിക്കുകയും ചെയ്തു.

ഇത്തരത്തിൽ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് ക്രോഡീകരിച്ച് രൂപപ്പെടുത്തിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസനരേഖ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.

# നിലവിലെ അവസ്ഥ – ഒരു വിശകലനം

**അക്കാദമികതലം**

മാപ്രാണം ഹോളിക്രോസ് ഹയർ സെക്കന്ററി സ്കൂൾ 8 മുതൽ 10വരെ ക്ലാസ്സുകളിൽ ഹൈസ്കൂളിൽ 8 ഡിവിഷനുകളിലായി 254 വിദ്യാർത്ഥികൾ മാത്രമുള്ള ഒരു വിദ്യാലയമാണ്.

ഈ വിദ്യാലയത്തിൽ യു.പി. വിഭാഗം ഇല്ലാത്തതിനാൽ സമീപ പ്രദേശങ്ങളിലെ വിദ്യാലയങ്ങളായ ശ്രീ ചാത്തൻ മാസ്റ്റർ സ്മാരക ഗവ. യു.പി. സ്കൂൾ, ലിസ്യൂ കോൺവെന്റ് യു.പി. സ്കൂൾ, മാടായിക്കോണം, പൊറത്തിശ്ശേരി മഹാത്മാ യു.പി. സ്കൂൾ, കരുവന്നൂർ സെന്റ് ജോസഫ്സ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, പി.വി.എസ്.എച്ച്.എസ്.എസ് പറപ്പൂക്കര എന്നിവടങ്ങളിലെ ഏഴാം ക്ലാസ്സ് പാസ്സാകുന്ന വിദ്യാർത്ഥികളാണ് ഇവിടേക്ക് തുടർപഠനത്തിനായി എത്തിച്ചേരുന്നത്.

ആദ്യബാച്ച് മുതൽതന്നെ എസ്.എസ്.എൽ.സി പരീക്ഷയിൽ 100 ശതമാനം വിജയം നടിയ ഈ വിദ്യാലയം നാളിതുവരെ ഈ നേട്ടം നിലനിറുത്തിപ്പോരുന്നു. സമർപ്പിതരായ ഒരു കൂട്ടം അധ്യാപകരും അച്ചടക്കവും വിനയവുമുള്ള വിദ്യാർത്ഥികളും സർവ്വാത്മനാ വിദ്യാലയത്തോട് സഹകരിക്കുന്ന രക്ഷിതാക്കളും മാനേജ്മെന്റും നാട്ടുകാരുമാണ് ഈ നേട്ടത്തിന്റെ പുറകിലെ ശക്തിയെന്ന് പറയാം.

ഈ വിദ്യാലയത്തിൽ ഇപ്പോൾ നടന്നുവരുന്ന വിവിധ അക്കാദമികപ്രവർത്തനങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

- വിവിധ ക്ലബ്ബുകൾ
- ദിനാചരണങ്ങൾ
- പത്താംക്ലാസ്സ് വിദ്യാർത്ഥികൾക്കായുള്ള അധികസമയ ഈവനിങ്ങ് ക്ലാസ്സുകൾ
- അവധിദിനക്ലാസ്സുകൾ
- സൂക്ഷ്മതലത്തിലുള്ള കണ്ടിന്യുവസ് ഇവാലുവേഷൻ
- ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര മേളകൾ
- www.navavani.org - സംസ്കൃത വെബ്പോർട്ടൽ
- മലയാളം കമ്പ്യൂട്ടിങ്ങ് സമഗ്രപരിശീലനം
- കമ്പ്യൂട്ടർലാബ്, സയൻസ് ലാബ്
- സമഗ്രമായ കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി & റീഡിങ്ങ് റൂം

## വിദ്യാലയത്തിന്റെ ഭൗതികസാഹചര്യം

| | | |
|---|---|---|
| ആകെ ക്ലാസ്സ് മുറികൾ | | 15 |
| അടച്ചുറപ്പുള്ളവ | | 15 |
| ഇലക്ട്രിക് കണക്ഷൻ ഉള്ളവ | | 15 |
| സ്റ്റോർ റൂം | | 1 |
| പാചകപ്പുര | | 1 |
| ബാത്ത് റൂമുകൾ | ബോയ്സ്- | 15 |
| | ഗേൾസ് - | 20 |
| സയൻസ് ലാബ് | | 1 |
| ലൈബ്രറി & റീഡിങ്ങ് റൂം | | 1 |
| കമ്പ്യൂട്ടർ ലാബ് | | 1 |
| ഇന്റർനെറ്റ് കണക്ടിവിറ്റി | | K PHONE |
| കമ്പ്യൂട്ടറുകൾ | | 2 |
| എൽ.സി.ഡി പ്രൊജക്ടർ | | 11 |
| ലാപ് ടോപ് | | 14 |

**വിദ്യാലയത്തിന്റെ പരിമിതികൾ**

ജൈവവൈവിധ്യ ഉദ്യാനത്തിന്റെ അഭാവം

സയൻസ് ലാബിൽ ആവശ്യത്തിന് ഉപകരണങ്ങളില്ല

ലൈബ്രറിയിൽ പുസ്തകങ്ങളും സൗകര്യങ്ങളും കുറവാണ്

ഓഫീസ്, ലാബുകൾ എന്നിവയിൽ സൗകര്യങ്ങൾ കുറവാണ്

സൈക്കിൾ ഷെഡ്

**നേട്ടങ്ങൾ**

- നൂറുശതമാനം വിജയം
- നൂറുശതമാനം ഹരിതോർജ്ജം (സോളാർ വൈദ്യുതി)
- സ്കൂൾ ബസ് യാത്രാസൗകര്യം
- സ്കോളർഷിപ്പ്, ക്വിസ്  പരീക്ഷകളിൽ വിജയം
- കായിക മികവ് ടെന്നീസ് വോളിബോൾ സ്റ്റേറ്റ്, നാഷണൽ, ഇന്റർനാഷണൽ പങ്കാളിത്തം
- ഭാഷാകമ്പ്യൂട്ടിങ്ങ് പോലുള്ള തനതുപ്രവർത്തനങ്ങൾ
- ജൂനിയർ റെഡ് ക്രോസ് ബാച്ച്
- കലാമത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ
- കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി & റീഡിങ്ങ് റൂം
- ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് (സംസ്ഥാന ക്യാമ്പിലെ പങ്കാളിത്തം)
- ശാസ്ത്രമേള (സംസ്ഥാനതലത്തിൽ എ ഗ്രേഡ് )

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

**അക്കാദമികതലം.**

സയൻസ് ലാബ് നവീകരണം

ഗണിതലാബ് തയ്യാറാക്കൽ

സ്കൂൾ ബ്ലോഗ്

ക്ലബ് പ്രവർത്തനങ്ങൾ

ദിനാചരണങ്ങൾ

മേളകൾ

ലൈബ്രറി ശാക്തീകരണം (പുസ്തകശേഖരണം)

അക്ഷരയജ്ഞം പരിപാടി - മലയാളം

അക്ഷരയജ്ഞം പരിപാടി  - ഇംഗ്ലീഷ്

അക്ഷരയജ്ഞം പരിപാടി  - ഹിന്ദി

അക്ഷരയജ്ഞം പരിപാടി - സംസ്കൃതം

**കായികമേഖല**

കായിക ക്യാമ്പുകൾ

**സാമൂഹിക ഇടപെടൽ**

പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരണം

കൊതുകുനിവാരണം

മഴവെള്ള സംഭരണം

പരിസ്ഥിതിസംരക്ഷണം

**ഭൗതികതലം**

ഓഫീസ്, ലാബ്, സ്റ്റാഫ് റൂം എന്നിവ ടൈൽ പാകി നോഹരമാക്കൽ

ജൈവവൈവിധ്യ ഉദ്യാനം

പച്ചക്കറി കൃഷി

ഖോ-ഖോ തീവ്രപരിശീലനത്തിനുള്ള സാമഗ്രികൾ

# പദ്ധതി വിശദാംശങ്ങൾ

**മേഖല – അക്കാദമികതലം**

## 1. സയൻസ് ലാബ് നവീകരണം.

**ലക്ഷ്യങ്ങൾ**

- ശാസ്ത്രപ്രവർത്തനങ്ങളിലൂടെയും പരീക്ഷണനിരീക്ഷണങ്ങളിലൂടെയും കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക,
- പഠനപിന്നോക്കാവസ്ഥ പരിഹരിക്കുക.
- നേരിട്ട് മനസ്സിലാക്കാൻ പ്രയാസമുള്ള ശാസ്ത്രാശയങ്ങൾ പരീക്ഷണങ്ങളിലൂടെ ബോധ്യപ്പെടുക

നിലവിലുള്ള അവസ്ഥ

- പരീക്ഷണങ്ങൾ നടത്തുവാനായി വിശാലമായ രണ്ടു വർക്ക് ബഞ്ചുകൾ

- ഉപകരണങ്ങൾ സൂക്ഷിക്കുവാനായി ഷെൽഫുകൾ

**കൂടുതലായി ആവശ്യമുള്ള സാമഗ്രികൾ**

രാസ വസ്തുക്കൾ

പരീക്ഷണവസ്തുക്കൾ

വൈറ്റ് ബോർഡ്

എൽ.സി.ഡി പ്രൊജക്ടർ

ലാപ് ടോപ്

ഫീൽഡ് ട്രിപ്പ്

ശാസ്ത്രപ്രസിദ്ധീകരണങ്ങൾ

കണക്കാക്കുന്ന തുക - 5000.00

കണ്ടെത്തുന്നതിനുള്ള സ്രോതസ് - OSA

പൂർത്തിയാക്കാനുദ്ദേശിക്കുന്ന കാലയളവ് - ഒരു വർഷം

ചുമതല - സയൻസ് ക്ലബ്

## 2. ഗണിതം മധുരം

- ഗണിതം മധുരം എന്ന അനുഭവത്തിലൂടെ ചതുഷ്ക്രിയകൾ വേഗത്തിലും കൃത്യതയോടെയും സൂക്ഷ്മതയോടെയും ചെയ്യുക.
- ജ്യാമിതീയരൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെടുക
- ഗണിതാശയങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക

| പ്രവർത്തനം | നിർവഹണരീതി | കാലയളവ് |
|---|---|---|
| ഗണിതപഠനം ആസ്വാദ്യകരമാക്കൽ | ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ | ജൂൺ ജൂലൈ |
| π ദിനം | പസിൽസ് & ഗെയിം | ജൂലായ് |
| ഗണിതശില്പശാല | മോട്ടിവേഷൻ ക്ലാസ്സ് | സെപ്റ്റംബർ |
| വരകളുടെ വിസ്മയം | നമ്പർ ചാർട്ട് & ജ്യോമെട്രിക്കൽ ചാർട്ട് | നവംബർ |
| ഗണിതപ്രശ്നോത്തരി | മേളകൾ ഉദ്ദേശിച്ച് | ഒക്ടോബർ |

ആവശ്യമായ സാമഗ്രികൾ

ചാർട്ടുകൾ

പസ്സിൽസ്

ഘനരൂപമാതൃകകൾ

കളർ പേനകൾ

കണക്കാക്കുന്ന തുക - 5000.00

## 3. ഭാഷാ കമ്പ്യൂട്ടിങ്ങിൽ സമഗ്ര പരിശീലനം

പ്രത്യേകമായി തയ്യാറാക്കിയ പഠനപദ്ധതി ഉപയോഗിച്ച് വിദ്യാലയത്തിലെ എല്ലാ എട്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്കും മലയാളം, ഹിന്ദി, സംസ്കൃതം ഭാഷകൾ വേഗതയോടെ ടൈപ്പ് ചെയ്യാനാകുന്ന പരിശീലനം

**സാമഗ്രികൾ**

പാഠ്യപദ്ധതിയുടെ പ്രിന്റിങ്ങ്

കണക്കാക്കുന്ന തുക - 2840.00

പദ്ധതി നിർവഹണകാലഘട്ടം - 2025 – 26

ചുമതല - ഐ.ടി. ക്ലബ്

## 4. സ്കൂൾ ബ്ലോഗ്

2011 മുതൽ നാരായം (hchsmalayalam.blogspot.com)എന്ന പേരിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ ബ്ലോഗ് കുറച്ചു നാളായി അപ് ഡേറ്റുകളില്ലാതെ നിർജ്ജീവമാണ്. വിദ്യാർത്ഥികളിൽനിന്നും തെരഞ്ഞെടുത്ത് പരിശീലനം നൽകിയ ഒരു അഞ്ചംഗ ടീമിനെ ഇതിന്റെ പ്രവർത്തനങ്ങൾ ഏൽപ്പിക്കാനാണുദ്ദേശിക്കുന്നത്. മലയാളം കമ്പ്യൂട്ടിങ്ങിൽ സമഗ്രപരിശീലനം ലഭിച്ചവരിൽനിന്നു 5 പേരെ ഇതിന്റെ ചുമതലകൾ ഏൽപ്പിക്കാനാണുദ്ദേശിക്കുന്നത്.

**ലക്ഷ്യങ്ങൾ**

സാഹിത്യരചനകൾ നടത്തുന്ന വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സാഹിത്യപരിശ്രമങ്ങൾ ഈ ബ്ലോഗിലൂടെ പ്രകാശിപ്പിക്കുവാൻ കഴിയും.

വിദ്യാലയത്തിൽ നടക്കുന്ന ഓരോ പരിപാടികളുടെയും ഫോട്ടോ, വീഡിയോ, റിപ്പോർട്ടുകൾ എന്നിവ ഈ ബ്ലോഗിൽ ഉടനെത്തന്നെ ലഭ്യമാക്കാൻ കഴിയും.

പഠനം കഴിഞ്ഞിറങ്ങുന്ന ഏതൊരു വിദ്യാർത്ഥിക്കും ലോകത്തിന്റെ ഏതൊരു ഭാഗത്തുനിന്നും തങ്ങളുടെ വിദ്യാലയജീവിതത്തിന്റെ തുടിപ്പുകൾ കണ്ടെത്താൻ കഴിയുമെന്നതാണ് ഇതിന്റെ പ്രധാന സവിശേഷത.

വിദ്യാലയത്തെസംബന്ധിച്ച് ഇതൊരു നശിക്കാത്ത ഡോക്യുമെന്റേഷനായി പ്രവർത്തിക്കും.

## 5. ലൈബ്രറി ശാക്തീകരണം

2012 ഒക്ടോബർ മാസം മുതൽ വിദ്യാലയത്തിൽ കമ്പ്യൂട്ടറൈസ് ചെയ്ത് പുതുക്കിയ ലൈബ്രറിയും റീഡിങ്ങ് റൂമും സജീവമായി പ്രവർത്തിച്ചുവരുന്നു. മൂവായിരത്തിഅഞ്ഞൂറോളം പുസ്തകങ്ങൾ മാത്രമാണ് ഇന്ന് ലൈബ്രറിയിലുള്ളത്. ഇവയിൽ പലതും പഴക്കവും ആവർത്തിച്ച ഉപയോഗവും നിമിത്തം നശിച്ച അവസ്ഥയിലാണ്.

**ലക്ഷ്യങ്ങൾ**

- ➔ ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങൾ ശേഖരിക്കുക
- ➔ പുസ്തകോത്സവം സംഘടിപ്പിക്കുക
- ➔ എന്റെ ഒരു പുസ്തകം സ്കൂൾ ലൈബ്രറിയിലേക്ക് എന്ന പരിപാടി നടപ്പിലാക്കുക
- ➔ റീഡിങ്ങ് ടേബിളുകളുടെ കേടുപാടുകൾ പരിഹരിക്കുക
- ➔ കൂടുതൽ ആനുകാലികങ്ങൾ സംഘടിപ്പിക്കുക
- ➔ നിലവിലുള്ള പുസ്തകങ്ങളുടെ കേടുപാടുകൾ പരിഹരിക്കുക

**ആവശ്യമുള്ള സാമഗ്രികൾ**

കമ്പ്യൂട്ടർ

പ്രിന്റർ

പുസ്തകങ്ങൾ

റീഡിങ്ങ് ടേബിളുകൾക്കാവശ്യമായ മേശവിരികൾ

മാതൃഭൂമി, സമകാലിക മലയാളം, ബാലരമ ഡൈജസ്റ്റ്, തളിര്

ശാസ്ത്രമാസിക, യുറീക്കാ, എന്നീ ആനുകാലികങ്ങൾ

കണക്കാക്കുന്ന തുക - 10000.00

നടപ്പാക്കാനുദ്ദേശിക്കുന്ന കാലയളവ് - ഒരു വർഷം

ചുമതല - വിദ്യാരംഗം കലാസാഹിത്യവേദി

# 6. ശാസ്ത്രമിഴി

**ലക്ഷ്യങ്ങൾ**

- ശാസ്ത്രലോകത്തിലേക്ക് കുട്ടികളെ നയിക്കുന്നു
- ശാസ്ത്രപഠനം സുഗമമാക്കൽ

| പ്രവർത്തനങ്ങൾ | നിർവഹണം | ചുമതല |
|---|---|---|
| സെമിനാർ | വിഷയം:ശാസ്ത്രം നിത്യജീവിതത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തുന്നു | സയൻസ് ക്ലബ് |
| സയൻസ് ക്വിസ് | Physics, Chemistry, Biology വിഷയങ്ങൾ, കണ്ടുപിടുത്തങ്ങൾ, നൂതനചുവടുവയ്പുകൾ എന്നിവയെ ആസ്പദമാക്കിയുള്ള ക്വിസ് | സയൻസ് അധ്യാപകർ |
| എക്സിബിഷൻ | ശാസ്ത്രമാസികകൾ, വർക്കിങ് മോഡൽ, സ്റ്റിൽ മോഡൽ, പരീക്ഷണങ്ങൾ എന്നിവയുടെ പ്രദർശനം | സയൻസ് ക്ലബ് |

| | | |
|---|---|---|
| പൊതുവിജ്ഞാനക്ലാസ് | എല്ലാ മാസവും ഒരു പിരീഡ് പൊതുവിജ്ഞാനക്ലാസ് നൽകുന്നു. ശാസ്ത്രമുന്നേറ്റങ്ങളെക്കുറിച്ച്ചർച്ച . ടെസ്റ്റ് നടത്തുന്നു | സയൻസ് ക്ലബ് |

# 7. കായിക മേഖല

**ഖോ – ഖോ പരിശീലനം, കാൽ പന്ത് കളി പരിശീലനം**

ലക്ഷ്യം -

- ജില്ലാ - സംസ്ഥാന മത്സരങ്ങൾക്ക് പങ്കെടുക്കാനാവശ്യമായ തരത്തിൽ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് വിദഗ്ധപരിശീലനം നൽകുക

പ്രവർത്തനങ്ങൾ

- ആദ്യഘട്ടപരിശീലനം വിദ്യാലയതലം
- മത്സരവിജയികൾക്ക് പ്രത്യേക പരിശീലനം
- വിദഗ്ധരുടെ സേവനം
- ഖോ-ഖോ പോസ്റ്റുകൾ സ്ഥാപിക്കൽ
- പ്രത്യേക ഭക്ഷണപദ്ധതി

കണക്കാക്കുന്ന ആകെ ചെലവ് - 20000.00

പരിശീലനകാലയളവ് - ഒരു മാസം

സാമ്പത്തിക സ്രോതസ് - SPONSORSHIP

## 8.അക്ഷരയജ്ഞം പരിപാടി (ഹിന്ദി)

**ലക്ഷ്യങ്ങൾ**

- അക്ഷരങ്ങളും പദങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക.
- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ ഹിന്ദിനാമങ്ങൾ പഠിക്കുക
- ആധുനികസാങ്കേതികസാധ്യതകളെ പ്രയജനപ്പെടുത്തുക
- ഹിന്ദിഭാഷാപഠനം രസകരവും ലളിതവും ആക്കാനുള്ള പ്രവർത്തനങ്ങൾ
- എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും സംസാരിക്കുവാനും വായിക്കുവാനുമുള്ള കഴിവ് വളർത്തുക.

| പ്രവർത്തനം | നിർവഹണരീതി | കാലയളവ് |
|---|---|---|
| അക്ഷരം, ചിഹ്നം എന്നിവ തിരിച്ചറിയാനുള്ള പരിശീലനം. ഉച്ചാരണപരിശീലനം | അക്ഷരമാല കാർഡ് ഉറക്കെ വായിപ്പിക്കുന്നു | ജൂൺ & ജൂലൈ |
| നാമം, സർവനാമം, വിശേഷണം, വാക്യഘടന എന്നിവ പരിചയപ്പെടുന്നു | വർക് ഷീറ്റുകൾ, സൂചനാ ബോർഡ് എന്നിവ പ്രദർശിപ്പിക്കുന്നു | സെപ്റ്റംബർ |
| പോസ്റ്റർ നിർമ്മാണം ആസ്വാദനക്കുറിപ്പ് | മാതൃകയനുസരിച്ച് എഴുതുന്നു | ഒക്ടോബർ |

## 9. അക്ഷരയജ്ഞം പരിപാടി (മധുരം മലയാളം)

**ലക്ഷ്യങ്ങൾ**

- അക്ഷരങ്ങളും പദങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക.
- ആധുനികസാങ്കേതികസാധ്യതകളെ പ്രയജനപ്പെടുത്തുക
- മലയാളഭാഷാപഠനം രസകരവും ലളിതവും ആക്കാനുള്ള പ്രവർത്തനങ്ങൾ
- എല്ലാ കുട്ടികൾക്കും മലയാളത്തിൽ ഫലപ്രദമായി എഴുതുവാനും സംസാരിക്കുവാനും വായിക്കുവാനുമുള്ള കഴിവ് വളർത്തുക.

| പ്രവർത്തനം | നിർവഹണരീതി | കാലയളവ് |
|---|---|---|
| അക്ഷരം, ചിഹ്നം എന്നിവ തിരിച്ചറിയാനുള്ള പരിശീലനം. ഉച്ചാരണപരിശീലനം | അക്ഷരമാല കാർഡ് ഉറക്കെ വായിപ്പിക്കുന്നു | ജൂൺ & ജൂലൈ |
| നാമം, സർവനാമം, വിശേഷണം, വാക്യഘടന എന്നിവ പരിചയപ്പെടുന്നു | വർക് ഷീറ്റുകൾ, സൂചനാ ബോർഡ് എന്നിവ പ്രദർശിപ്പിക്കുന്നു | സെപ്റ്റംബർ |
| പോസ്റ്റർ നിർമ്മാണം ആസ്വാദനക്കുറിപ്പ് | മാതൃകയനുസരിച്ച് എഴുതുന്നു | ഒക്ടോബർ |

# 10. അക്ഷരയജ്ഞം പരിപാടി (സംസ്കൃതം)

**ലക്ഷ്യങ്ങൾ**

- അക്ഷരങ്ങളും പദങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക.
- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ സംസ്കൃതനാമങ്ങൾ പഠിക്കുക
- ആധുനികസാങ്കേതികസാധ്യതകളെ പ്രയജനപ്പെടുത്തുക (www. navavani.org.in)
- സംസ്കൃതഭാഷാപഠനം രസകരവും ലളിതവും ആക്കാനുള്ള പ്രവർത്തനങ്ങൾ
- എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും സംസാരിക്കുവാനും വായിക്കുവാനുമുള്ള കഴിവ് വളർത്തുക.

| പ്രവർത്തനം | നിർവഹണരീതി | കാലയളവ് |
|---|---|---|
| അക്ഷരം, ചിഹ്നം എന്നിവ തിരിച്ചറിയാനുള്ള പരിശീലനം. ഉച്ചാരണപരിശീലനം | അക്ഷരമാല കാർഡ് ഉറക്കെ വായിപ്പിക്കുന്നു | ജൂൺ & ജൂലൈ |
| നാമം, സർവനാമം, വിശേഷണം, വാക്യഘടന എന്നിവ പരിചയപ്പെടുന്നു | വർക് ഷീറ്റുകൾ, സൂചനാ ബോർഡ് എന്നിവ പ്രദർശിപ്പിക്കുന്നു | സെപ്റ്റംബർ |
| പോസ്റ്റർ നിർമ്മാണം ആസ്വാദനക്കുറിപ്പ് | മാതൃകയനുസരിച്ച് എഴുതുന്നു | ഒക്ടോബർ |

## 11. അക്ഷരയജ്ഞം പരിപാടി (ഇംഗ്ലീഷ്)

**ലക്ഷ്യങ്ങൾ**

- അക്ഷരങ്ങളും വാക്കുകളും ഹൃദിസ്ഥമാക്കുക
- നിരന്തരം ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ ഇംഗ്ലീഷിൽ പഠിക്കുക
- ആധുനികസാങ്കേതികസാധ്യതകളെ പ്രയജനപ്പെടുത്തുക
- ഇംഗ്ലീഷ് ഭാഷാപഠനം രസകരവും ലളിതവും ആക്കാനുള്ള പ്രവർത്തനങ്ങൾ
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതുവാനും സംസാരിക്കുവാനും വായിക്കുവാനുമുള്ള കഴിവ് വളർത്തുക.
- ഓരോ യൂണിറ്റിലെയും പഠനലക്ഷ്യങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പുവരുത്തുക

| പ്രവർത്തനം | നിർവഹണരീതി | കാലയളവ് |
|---|---|---|
| അക്ഷരം, ചിഹ്നം എന്നിവ തിരിച്ചറിയാനുള്ള പരിശീലനം. ഉച്ചാരണപരിശീലനം | അക്ഷരമാല കാർഡ് ഉറക്കെ വായിപ്പിക്കുന്നു | ജൂൺ & ജൂലൈ |
| നാമം, സർവനാമം, വിശേഷണം, വാക്യഘടന എന്നിവ പരിചയപ്പെടുന്നു | വർക് ഷീറ്റുകൾ, സൂചനാ ബോർഡ് എന്നിവ പ്രദർശിപ്പിക്കുന്നു | സെപ്റ്റംബർ |
| പ്രൊഫൈൽ ആസ്വാദനക്കുറിപ്പ് | മാതൃകയനുസരിച്ച് എഴുതുന്നു | ഒക്ടോബർ |

## 12. സാമൂഹ്യശാസ്ത്രപഠനം എളുപ്പമാക്കൽ

- **കുട്ടികളിൽ ജനാധിപത്യബോധം വളർത്തുക**
- **ചരിത്രബോധം വളർത്തുക**
- **ഇന്റർനെറ്റ് അധിഷ്ഠിതമായ മാപ് പഠനം പ്രോത്സാഹിപ്പിക്കുക**
- **പൗരന്റെ കടമകളെപ്പറ്റി ബോധവത്കരിക്കുക**

| പ്രവർത്തനത്തിന്റെ പേര് | നിർവഹണരീതി | ചുമതല | കാലയളവ് |
|---|---|---|---|
| ലാബ് സജ്ജീകരിക്കൽ | ഭൂപടങ്ങൾ ഗ്ലോബുകൾ അറ്റ്ലസുകൾ ചരിത്രസ്മാരകങ്ങളുടെ മാതൃകകൾ പ്രൊജക്ടർ കമ്പ്യൂട്ടർ എന്നിവ സജ്ജീകരിക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ് | ഒരു വർഷം |
| ചരിത്രവീഥികളിലൂടെ | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് (ഇഞ്ചക്കുണ്ട്, മറയൂർ) | സാമൂഹ്യശാസ്ത്രക്ലബ് | ഒരു വർഷം |
| QGIS Training | ഭൂതലവിശകലനം എന്ന പാഠത്തിന്റെ ഐ.സി.ടി. അധിഷ്ഠിതപഠനം | ഐ.സി.ടി. അധ്യാപകർ | രണ്ടാഴ്ച |

## 13. മേളകൾ

**പ്രവൃത്തിപരിചയ -ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര-ശാസ്ത്ര മേളകൾ,** കലാമേള, കായിക മേള, ഐ.ടി. മേള, എന്നിവയിൽ 16 ptപങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് വിദഗ്ധപരിശീലനം നൽകുക

## 14. കലാസ്വാദനപദ്ധതി

**ലക്ഷ്യം**

മുഴുവൻ കുട്ടികളെയും ചിത്രകലയിൽ മെച്ചപ്പെടട് നിലവാരത്തിലേക്ക് എത്തിക്കുക

**പ്രവർത്തനങ്ങൾ**

- ചിത്രരചനാ ക്ലാസ്സുകൾ
- മത്സരങ്ങൾ
- വരകൾ കാണാനും പങ്കെടുക്കാനുമുള്ള അവസരം

കണക്കാക്കുന്ന ചെലവ് - 10000.00

പ്രതീക്ഷിക്കുന്ന സ്രോതസ് - സ്പെഷൽ ഫീ ഫണ്ട് & പി.ടി.എ

### 15. പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരണവും കൊതുകുനിവാരണവും

വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസ് യൂണിറ്റിലെ അംഗങ്ങൾ എല്ലാവർഷവും പൊറത്തിശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സഹകരണത്തോടെ മാപ്രാണം പ്രദേശത്തെ വീടുകളിൽ ലഘുലേഖകൾ വിതരണം ചെയ്യുകയും പകർച്ചവ്യാധികളും പ്രതിരോധവും സംബന്ധിച്ച് ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്യുന്നു.

ഇതോടൊപ്പം സന്ദർശിക്കുന്ന വീടുകളിൽ ഡ്രൈഡേ ആചരിക്കുന്ന വിധം

പരിശീലിപ്പിക്കുന്നു. കൊതുകുവളരുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുന്നു.

**ആവശ്യമായ സാമഗ്രികൾ**

ലഘുലേഖകൾ

മണ്ണെണ്ണ അല്ലെങ്കിൽ ഡീസൽ

സ്പ്രേയർ (ചെറുത്)

കണക്കാക്കുന്ന തുക - 2000.00

**ഭൗതിക മേഖല**

## 16. സോളാർ വാട്ടർ ഹീറ്റർ

ലക്ഷ്യങ്ങൾ

- ഇന്ധനചെലവില്ലാതെ സൂര്യപ്രകാശമുപയോഗിച്ച് വെള്ളം ചൂടാക്കുന്നു
- അരിയും പച്ചക്കറികളും കഴുകുന്നതിനും വേവിക്കുന്നതിനും ഈ ചൂടുവെള്ളം ഉപയോഗിക്കാം
- കുടിക്കുന്നതിനുള്ള വെള്ളവും 90% ചൂടായിക്കിട്ടുന്നു.

നിലവിലെ അവസ്ഥ

ഗ്യാസ് ഉപയോഗിച്ച് വെള്ളം ചൂടാക്കുന്നു. ചെലവ് കൂടുതൽ

സാമഗ്രികൾ

വാട്ടർഹീറ്റർ, ടാങ്ക്, പൈപ്പുകൾ, ടാപ്പുകൾ

പ്രതീക്ഷിക്കുന്ന ചെലവ് -25,000

വരുമാനസ്രോതസ്സ്- സ്പെഷൽ ഫീസ്, old students

## 17. പച്ചക്കറികൃഷി, പുഷ്പകൃഷി എന്നിവ

**ലക്ഷ്യങ്ങൾ**

- ➔ ഉച്ചഭക്ഷണപദ്ധതിക്കാവശ്യമായ പച്ചക്കറികൾ ഉദ്പാദിപ്പിക്കുക
- ➔ വിദ്യാർത്ഥികൾക്ക് ജൈവകൃഷിയിൽ പരിശീലനം
- ➔ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക
- ➔ ഓണത്തിനാവശ്യമായ പൂക്കൾ ഉത്പാദിപ്പിക്കുക

**ആവശ്യമായ സാമഗ്രികൾ**

വിത്ത് വളം എന്നിവ - 2000.00

ഗ്രോബാഗുകൾ - 2000.00

വിലയിരുത്തുന്ന തുക 4000.00

പ്രതീക്ഷിക്കുന്ന് സ്രോതസ് - സ്റ്റാഫ് ഫണ്ട്

## മാസ്റ്റർപ്ലാനിന്റെ മൊത്തത്തിലുള്ള അവലോകനം

| Sl.No. | Item Description | Rs. Ps. |
|---|---|---|
| 1. | സയൻസ് ലാബ് നവീകരണം | 5000.00 |
| 2. | ഗണിതലാബ് | 5000.00 |
| 3. | ഭാഷാ കമ്പ്യൂട്ടിങ്ങ് | 2840.00 |

| | | |
|---|---|---|
| 4. | സ്കൂൾ ബ്ലോഗ് | 00.00 |
| 5. | ലൈബ്രറി ശാക്തീകരണം | 10000.00 |
| 6. | ശാസ്ത്രമിഴി | 00.00 |
| 7. | കായികക്യാമ്പുകൾ | 20000.00 |
| 8. | അക്ഷരയജ്ഞം (ഹിന്ദി) | 00.00 |
| 9. | അക്ഷരയജ്ഞം (മലയാളം) | 00.00 |
| 10. | അക്ഷരയജ്ഞം (സംസ്കൃതം) | 00.00 |
| 11. | അക്ഷരയജ്ഞം (ഇംഗ്ലീഷ്) | 00.00 |
| 12. | സാമൂഹ്യശാസ്ത്രപഠനം എളുപ്പമാക്കൽ | 00.00 |
| 13. | മേളകൾ | 00.00 |
| 14. | കലാസ്വാദനം | 10000.00 |
| 15 | പകർച്ചവ്യാധിബോധവത്കരണം | 2000.00 |
| 16 | സോളാർ വാട്ടർ ഹീറ്റർ | 25000.00 |
| 17 | പച്ചക്കറികൃഷി | 4000.00 |
| | Total | **83840.00** |

## പ്രതീക്ഷിത നേട്ടങ്ങൾ

- ✓ സമഗ്ര വിദ്യാഭ്യാസപദ്ധതിക്കനുഗുണമായി വിദ്യാലയം മികവുറ്റതാകുന്നു
- ✓ എല്ലാ വിഷയങ്ങളിലും അക്കാദമികമികവ് കൈവരുത്താൻ കഴിയുന്നു
- ✓ വിദ്യാലയവും പരിസരവും കൂടുതൽ ആകർഷകവും ശിശുകേന്ദ്രീകൃതവുമാകുന്നു
- ✓ പ്രദേശത്തെ കുട്ടികളുടെ അൺ എയ്ഡഡ് വിദ്യാലയത്തിലേക്കുള്ള ഒഴുക്ക് തടയുന്നു.
- ✓ സമഗ്രമായ ഒരു വായനസംസ്കാരം രൂപപ്പെടുത്തുവാൻ കഴിയുന്നു
- ✓ എല്ലാ വിദ്യാർത്ഥികൾക്കും ഭാഷാ കമ്പ്യൂട്ടിങ്ങിൽ സമഗ്രപരിശീലനം നൽകുകവഴി സാങ്കേതികനൈപുണിയും ഭാഷാനൈപുണിയും വർദ്ധിക്കുന്നു
- ✓ ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കുവാൻ കഴിയുന്നു
- ✓ വിദ്യാർത്ഥികളിൽ ലഹരിവിമുഖമനോഭാവം വളർത്തിയെടുക്കുവാൻ കഴിയുന്നു.
- ✓ സാമൂഹിക ഇടപെടലിന്റെ ഭാഗമായി പകർച്ചവ്യാധികളുടെ ബോധവത്കരണം, സാമൂഹികശുചിത്വം എന്നിവ പ്രദേശത്ത് പ്രചരിപ്പിക്കുവാൻ കഴിയുന്നു
- ✓ കായികമേഖലയിൽ കൈവരിക്കുന്ന കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയുന്നു

## മോണിട്ടറിങ്ങ് രീതി

- പി.ടി.എ & എം.പി.ടി.എ
- വിദ്യാലയവികസന സമിതി
- മാനേജ്മെന്റ്
- ജനപ്രതിനിധികൾ

## ഉപസംഹാരം

വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിയ്ക്കും അതോടൊപ്പം പൊതുവിദ്യാഭ്യാസത്തിന്റെ നിലനിൽപ്പിനും അതിലൂടെ ഉത്തരവാദിത്വമുള്ള ഒരു പൊതുസമൂഹം രൂപപ്പെടുന്നതിനും വേണ്ടി മേൽപ്രസ്താവിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. ഈ മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

മാപ്രാണം **ഹെഡ് മിസ് ട്രെസ്സ്**

**24-06-2025** **ഹോളിക്രോസ് ഹയർ സെക്കന്ററി സ്കൂൾ**